**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.**
**(ഹാജർ–ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്)**

വിഷയം: – പഞ്ചായത്ത് വകുപ്പ് – ഭരണജാഗ്രത – മലപ്പുറം ജില്ല –എടക്കര ഗ്രാമപഞ്ചായത്ത് – വ്യാപകമായി അനധികൃത കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട നമ്പർ ലൈസൻസ് അനുവദിക്കൽ, ഫയലുകൾ നഷ്ടപ്പെടുത്തൽ– ഉത്തരവാദികളായ ജീവനക്കാരെ സേവനത്തിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം: – 1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28-01-2021 ലെ DDP-MPM/199/2021-D4 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ് നമ്പർ: PAN/1796/2021/D4 (DP) തീയതി :01/02/2021</u>**

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട നമ്പറിംഗ് എന്നീ വിഷയങ്ങളിൽ വ്യാപകമായി തിരിമറി നടന്നതായും സെക്രട്ടറി അറിയാതെ ലൈസൻസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും, സെക്രട്ടറിയുടെ അഡ്മിൻ , ജീവനക്കാരുടെ സഞ്ചയ ലോഗിൻ ഐ.ഡി എന്നിവ ദുരുപയോഗം ചെയ്ത് ഓരോ ക്ലാർക്കുമാർക്കും അനുവദിച്ചിട്ടുള്ള വാർഡുകളിൽ അവരറിയാതെ മറ്റു വാർഡുകളിലെ ക്ലാർക്കുമാരുടെ ലോഗിൻ ഐ.ഡി ഉപയോഗിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് സംബന്ധിച്ച വിവരങ്ങൾ, കെട്ടിടത്തെ സംബന്ധിച്ച തിരുത്തൽ വിവരങ്ങൾ , എന്നിവ ഫയലുകളൊന്നും തന്നെയില്ലാതെ എൻട്രി നടത്തിയിരിക്കുന്നതായി പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ 22-01-2021 ന് റിപ്പോർട്ട് ചെയ്യുകയും ആയത് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ നടത്തിയ പരിശോധനയിൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ റിപ്പോർട്ട് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സെക്രട്ടറി സ്വന്തം ഡിജിറ്റൽ സിഗ്നേച്ചർ, ലോഗിൻ ഐ.ഡി, പാസ് വേർഡ് എന്നിവ സുരക്ഷിതമായി സൂക്ഷിക്കാതെ ഓഫീസിലെ ഹെഡ്ക്ലാർക്ക് ഉൾപ്പടെയുള്ള ജീവനക്കാർക്ക് കൈമാറുക വഴിയാണ് യാതൊരു നിയമവും പാലിക്കാതെയും ഓഫീസ് നടപടിക്രമങ്ങൾ കൂടാതെയും വളരെയധികം കെട്ടിട നംമ്പറിംഗ് , പെർമിറ്റ് ഫയലുകൾ എന്നിവ ഹെഡ് ക്ലാർക്കും ചില ജീവനക്കാരും ഡിജിറ്റൽ സൈൻ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സാഹചര്യം സംജാതമായത്. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തികൾ കണ്ടുപിടിക്കുമെന്നായപ്പോൾ അത്തരം ഫയലുകൾ പഞ്ചായത്ത് ഓഫീസിൽ നിന്നും ബോധപൂർവ്വം മാറ്റപ്പെട്ടതായി സംശയിക്കുന്നതായി സെക്രട്ടറി അറിയിക്കുകയുണ്ടായെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

എടക്കര ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരിയായ ടെക്നിക്കൽ അസിസ്റ്റന്റിന്റെ കമ്പ്യൂട്ടറിൽ സെക്രട്ടറിയടക്കമുള്ള മുഴുവൻ ജീവനക്കാരുടെയും കമ്പ്യൂട്ടർ ലോഗിൻ ചെയ്യാവുന്ന തരത്തിലുള്ള സംവിധാനം ഒരുക്കിയിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ടി പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക്, ക്ലാർക്കുമാർ, ഓഫീസ് അറ്റന്റന്റ്, പാർട് ടൈം സ്വീപ്പർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുൾപ്പെട്ട ഒരു സംഘം ടി ക്രമക്കേടുകൾക്ക് പിന്നിലുണ്ടെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ അനധികൃത പ്രവർത്തികളുടെ ആഴവും പരപ്പും നിർവ്വചിക്കാനാകാത്ത തരത്തിൽ ഗുരുതരമായി കാണുന്നതിനാൽ മേൽവിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെയും, വിവര സാങ്കേതിക മേഖലയിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ ടൌൺ പ്ലാനറുടെ അന്വേഷണവും നടത്തേണ്ടതുണ്ടെന്ന് കാണുന്നു. മേൽസാഹചര്യത്തിൽ സംശയിക്കപ്പെടുന്ന ജീവനക്കാർ സേവനത്തിൽ തുടരുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ എടക്കര ഗ്രാമ പഞ്ചായത്തിൽ ജോലി നോക്കിയിരുന്നവരും, നിലവിൽ തുടരുന്നതുമായ ചുവടെ പറയുന്ന ജീവനക്കാരെ അച്ചടക്ക നടപടിക്കും തുടർഅന്വേഷണത്തിനും വിധേയമായി ഉത്തരവ് തീയതി പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| 1 | ശ്രീ.തോമസ് ഉമ്മൻ | സെക്രട്ടറി | എടക്കര ഗ്രാമപഞ്ചായത്ത് |
| 2 | രതീദേവി എം .എം | സെക്രട്ടറി | പുളിക്കൽ ഗ്രാമപഞ്ചായത്ത് |
| 3 | ശ്രീ.സി.ജെ.ജോസ് | ഹെഡ് ക്ലാർക്ക് | എടക്കര ഗ്രാമപഞ്ചായത്ത് |
| 4 | ശ്രീ.മുരളീധരൻ പുന്നക്കുഴി | അസിസ്റ്റന്റ് സെക്രട്ടറി | കോടോംബേളൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് |
| 5 | ശ്രീ സുമേഷ്.ഇ | സീനിയർ ക്ലാർക്ക് | അങ്ങാടിപ്പുറംഗ്രാമപഞ്ചായത്ത് |
| 6 | ശ്രീ.സുരേഷ് കുമാർ.കെ.പി | സീനിയർ ക്ലാർക്ക് | എടക്കര ഗ്രാമപഞ്ചായത്ത് |
| 7 | സുജേഷ് തോമസ് | സീനിയർ ക്ലാർക്ക് | എടക്കര ഗ്രാമപഞ്ചായത്ത് (നിലവിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30-01-2021-ലെ MPM/15/2020/D3 ഉത്തരവ് പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്ത്) |
| 8 | ശ്രീമതി.സീമ.എ.ഡി | ഓഫീസ് അറ്റന്റഡന്റ് | എടക്കര ഗ്രാമപഞ്ചായത്ത് (നിലവിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി |

| | | | |
|---|---|---|---|
| | | | ഡയറക്ടറുടെ 31-01-2021 ലെ MPM/5/2020 D3 ഉത്തരവ് പ്രകാരം വാഴയൂർ ഗ്രാമപഞ്ചായത്ത് |
| 9 | ശ്രീ.സേതുമാധവൻ | പാർട്ട് ടൈം സ്വീപ്പർ | എടക്കര ഗ്രാമപഞ്ചായത്ത് |

സസ്പെൻഷൻ കാലയളവിൽ ടി ജീവനക്കാർക്ക് അനുവദനീയമായ ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

DR.P.K.JAYASREE IAS
DIRECTOR OF PANCHAYATH

പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് ( 9 പേർക്ക് )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (കൈപ്പറ്റ് പകർപ്പ് ഒപ്പും തീയതിയും രേഖപ്പെടുത്തി മടക്കത്തപാലിൽ ലഭ്യമാക്കേണ്ടതാണ്. ചാർജ്ജ് അറേഞ്ച്മെന്റ് അടിയന്തിരമായി നടപ്പാക്കേണ്ടതാണ്).
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് (കൈപ്പറ്റ് പകർപ്പ് ഒപ്പും തീയതിയും രേഖപ്പെടുത്തി മടക്കത്തപാലിൽ ലഭ്യമാക്കേണ്ടതാണ്. ചാർജ്ജ് അറേഞ്ച്മെന്റ് അടിയന്തിരമായി നടപ്പാക്കേണ്ടതാണ്).
4. സെക്രട്ടറി – എടക്കര, അങ്ങാടിപ്പുറം, പുളിക്കൽ, വാഴയൂർ, ഉദുമ, കോടംബേളൂർ ഗ്രാമപഞ്ചായത്തുകൾ
5. സൂപ്രണ്ട് ഇ സെക്ഷൻ (പകരം ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതാണ്)
6 കരുതൽ/അധികം

Signature valid

Digitally signed by Jayasree
Date: 2 .02.0 :00:42
PST
Reason: A ed